**No. CEE/5500/2017/KEAM-2018/TA1**

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM-2018

# എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ ഒഴിവുവരുന്ന സീറ്റുകൾ നികത്തുന്നതിനുള്ള മോപ്പ്-അപ്പ് കൗൺസലിംഗ് സംബന്ധിച്ച്

സംസ്ഥാനത്തെ മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കൗൺസലിംഗിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 17.08.2018 വൈകുന്നേരം 5 മണിയ്ക്ക് മുൻപായി അതത് കോളേജുകളിൽ പ്രവേശനം നേടണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 17.08.2018 വൈകുന്നേരം 5 മണിയ്ക്ക് ശേഷം എം.ബി.ബി.എസ്/ബി.ഡി. എസ് കോഴ്സുകളിൽ സീറ്റുകൾ ഒഴിവുള്ള പക്ഷം അവ നികത്തുന്നതിനായി **2018 ആഗസ്റ്റ് 20, 21 തീയതികളിൽ** പ്രവേശന പരീക്ഷാ കമ്മീഷണർ **തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ആഡിറ്റോറിയത്തിൽ** വച്ച് മോപ്പ്-അപ്പ് കൗൺസലിംഗ് (സ്പോട്ട് അഡ്മിഷൻ) നടത്തുന്നതാണ്. **2018 ആഗസ്റ്റ് 20 ന് രാവിലെ 9 മണിയ്ക്ക്** ആരംഭിക്കുന്ന മോപ്പ്-അപ്പ് കൗൺസലിംഗ് അന്നേ ദിവസം അവസാനിക്കാത്ത പക്ഷം ആഗസ്റ്റ് 21-ാം തീയതിയിലും തുടരുന്നതാണ്. എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് മാത്രമായിരിക്കും മോപ്പ്-അപ്പ് കൗൺസലിംഗ് നടത്തുന്നത്. മോപ്പ്-അപ്പ് കൗൺസലിംഗിൽ വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം അവിടെ വച്ച് തന്നെ നിർദ്ദിഷ്ട ഫീസ് ഒടുക്കി പ്രവേശനം നേടേണ്ടതാണ്. എല്ലാ മെഡിക്കൽ/ദന്തൽ കോളേജ് അധികൃതരും മോപ്പ്-അപ്പ് കൗൺസലിംഗ് പൂർത്തിയാകുന്നതുവരെ മോപ്പ്-അപ്പ് കൗൺസലിംഗ് കേന്ദ്രത്തിൽ സന്നിഹിതരായിരിക്കുന്നതാണ്.

## മോപ്പ്-അപ്പ് കൗൺസലിംഗ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ

i) ഒരു സർക്കാർ മെഡിക്കൽ കോളേജിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സർക്കാർ മെഡിക്കൽ കോളേജിലേയ്ക്കോ, ഒരു സ്വാശ്രയ മെഡിക്കൽ കോളേജിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സ്വാശ്രയ മെഡിക്കൽ കോളേജിലേയ്ക്കോ മോപ്പ്-അപ്പ് കൗൺസലിംഗിൽ മാറ്റം അനുവദിക്കുന്നതല്ല.

ii) ഒരു സർക്കാർ ദന്തൽ കോളേജിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സർക്കാർ ദന്തൽ കോളേജിലേയ്ക്കോ, ഒരു സ്വാശ്രയ ദന്തൽ കോളേജിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സ്വാശ്രയ ദന്തൽ കോളേജിലേയ്ക്കോ മോപ്പ്-അപ്പ് കൗൺസലിംഗിൽ മാറ്റം അനുവദിക്കുന്നതല്ല.

iii) എന്നാൽ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ മെഡിക്കൽ/ദന്തൽ കോളേജുകളിലേയ്ക്കോ തിരിച്ചോ മോപ്പ്-അപ്പ് കൗൺസലിംഗിൽ മാറ്റം അനുവദിക്കുന്നതാണ്.

iv) ഒരു സ്വാശ്രയ കോളേജിലെ എൻ.ആർ.ഐ സീറ്റിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സ്വാശ്രയ കോളേജിലെയോ അതേ കോളേജിൽ തന്നെയുള്ളതോ ആയ ഗവൺമെന്റ്/മൈനോറിറ്റി സീറ്റിലേയ്ക്ക് അതേ കോഴ്സിനാണെങ്കിൽ പോലും മോപ്പ്-അപ്പ് കൗൺസലിംഗിൽ മാറ്റം അനുവദിക്കുന്നതാണ്.

## ഫീസ് സംബന്ധിച്ച വിവരങ്ങളും ഒടുക്കേണ്ട വിധവും:

മോപ്പ്-അപ്പ് കൗൺസലിംഗിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ താഴെപ്പറയുന്ന ഫീസ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയി എടുത്ത് കൗൺസലിംഗ് വേളയിൽ ഹാജരാക്കേണ്ടതാണ്.

1) സർക്കാർ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ- **25,000/- രൂപ**
2) സർക്കാർ ദന്തൽ കോളേജുകളിൽ ബി.ഡി.എസ് കോഴ്സിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ- **23,000/- രൂപ**
3) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഗവൺമെന്റ്/മൈനോറിറ്റി/എൻ.ആർ.ഐ ക്വാട്ടയിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ- **5 ലക്ഷം രൂപ.**
4) സ്വാശ്രയ ദന്തൽ കോളേജുകളിൽ ഗവൺമെന്റ്/മൈനോറിറ്റി/എൻ.ആർ.ഐ ക്വാട്ടയിൽ ബി.ഡി.എസ് കോഴ്സിന് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ- **3 ലക്ഷം രൂപ.**
5) എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന എസ്.സി./എസ്.റ്റി./ ഒ.ഇ.സി/രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും - **1,000/-രൂപ.**
6) ഇതിനോടകം മെഡിക്കൽ & അനുബന്ധ കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ച് ഫീസിനത്തിൽ വിദ്യാർത്ഥികൾ ഏതെങ്കിലും തുക പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കിയിട്ടുള്ള പക്ഷം മേൽപ്പറഞ്ഞ തുകയിൽ നിന്നും പ്രസ്തുത തുക കഴിച്ച് ബാക്കി തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് സമർപ്പിച്ചാൽ മതിയാകും.

**<u>മോപ്പ്-അപ്പ് കൗൺസലിംഗിന് വേണ്ടിയുള്ള ഓൺലൈൻ രജിസ്ട്രേഷൻ</u>**

പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന മോപ്പ്-അപ്പ് കൗൺസലിംഗിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 16.08.2018 മുതൽ 18.08.2018 വൈകുന്നേരം 5 മണിയ്ക്കകം പ്രവേശന പരീക്ഷാ കമ്മീഷണറുടെ **<u>www.cee.kerala.gov.in</u>** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് ഒരു **'മോപ്പ്-അപ്പ് കൗൺസലിംഗ് സ്ലിപ്പ്'** വെബ്പേജിൽ നിന്ന് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. ഈ മോപ്പ്-അപ്പ് കൗൺസലിംഗ് സ്ലിപ്പുമായി അവർ മോപ്പ്-അപ്പ് കൗൺസലിംഗിന് ഹാജരാകേണ്ടതാണ്.

**<u>മോപ്പ്-അപ്പ് കൗൺസലിംഗിന് ഹാജരാക്കേണ്ട രേഖകൾ</u>**

മോപ്പ്-അപ്പ് കൗൺസലിംഗിൽ പങ്കെടുക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ നിശ്ചിത സമയത്തിനകം ഓൺലൈനായി രജിസ്റ്റർ ചെയ്തതിനു ശേഷം താഴെപ്പറയുന്ന രേഖകളുമായി മോപ്പ്-അപ്പ് കൗൺസലിംഗിന് ഹാജരാകേണ്ടതാണ്.

1. മോപ്പ്-അപ്പ് കൗൺസലിംഗ് സ്ലിപ്പ്
2. നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ്.
3. ഇപ്പോൾ ഒരു കോഴ്സിലും പ്രവേശനം നേടിയിട്ടില്ലാത്ത വിദ്യാർത്ഥികൾ അവർ അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ്, യോഗ്യതാ പരീക്ഷയുടെ (ഹയർ സെക്കന്ററി/തത്തുല്യം) അസ്സൽ മാർക്ക്ലിസ്റ്റുകൾ എന്നിവ കൂടാതെ പാസ്സ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെങ്കിൽ അതും.
4. പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മറ്റേതെങ്കിലും കോഴ്സിൽ ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ അവരുടെ വിടുതൽ സർട്ടിഫിക്കറ്റും വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളും കോളേജിൽ ഹാജരാക്കിയിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട് ബന്ധപ്പെട്ട കോളേജ് അധികാരിയിൽ നിന്നുള്ള **<u>'പൊസഷൻ സർട്ടിഫിക്കറ്റ്'</u>**, **<u>വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ</u>** എന്നിവ.
5. പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി അല്ലാതെ ഏതെങ്കിലും കോഴ്സിൽ ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ സ്ഥാപനത്തിൽ നിന്നും വിടുതൽ നൽകുന്നതിന് തടസ്സമില്ല എന്ന് കാണിക്കുന്ന **<u>'നിരാക്ഷേപ പത്രം (No Objection Certificate)'</u>**, **<u>'പൊസഷൻ സർട്ടിഫിക്കറ്റ്'</u>**, **<u>വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ</u>** എന്നിവ.
6. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നുള്ള എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (കേരളാ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി/സി.ബി.എസ്.ഇ/സി.ഐ.എസ്.സി.ഇ ബോർഡിൽ നിന്നും പരീക്ഷ പാസ്സായവർ അല്ലെങ്കിൽ)
7. മൈഗ്രേഷൻ സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ)
8. ജനന തീയതി തെളിയിക്കുന്നതിനുള്ള രേഖ
9. KEAM 2018 ഡാറ്റാ ഷീറ്റ്
10. KEAM 2018 പ്രോസ്പെക്ടസ് അനുബന്ധം XVII (b) പ്രകാരമുള്ള ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ്
11. എൻ.ആർ.ഐ ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ എൻ.ആർ.ഐ ക്ലെയിം തെളിയിക്കുന്നതിനുള്ള രേഖകളുടെ അസ്സൽ (22.11.2017, 14.06.2018 എന്നീ തിയതികളിലെ ഓഫീസ് വിജ്ഞാപനങ്ങൾ വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ളത് കാണുക).

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>

**ആകസ്മിക അവധികളുടെ സാധ്യത കണക്കിലെടുത്ത് വിദ്യാർത്ഥികൾ ഡിമാന്റ് ഡ്രാഫ്റ്റ്, പൊസഷൻ സർട്ടിഫിക്കറ്റ്, നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് എന്നിവ നേരത്തെ കരസ്ഥമാക്കേണ്ടതും മോപ്പ്-അപ്പ് കൗൺസലിംഗ് വേളയിൽ സമർപ്പിക്കേണ്ടതുമാണ്. നിർദ്ദിഷ്ട ഫീസ് തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റും മറ്റ് രേഖകളും ഹാജരാക്കാത്ത വിദ്യാർത്ഥികൾക്ക് മോപ്പ്-അപ്പ് കൗൺസലിംഗിൽ പ്രവേശനം നൽകുന്നതല്ല.**

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2332123,2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
14.08.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**